**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1601** **08-12-2022 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കണിച്ചാർ-കോളയാട്-കേളകം ഗ്രാമപഞ്ചായത്തുകളിൽ 2022 ആഗസ്റ്റ് മാസത്തിലെ പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കണിച്ചാർ - കേളകം - കോളയാട് പഞ്ചായത്തുകളിലും പരിസര പ്രദേശങ്ങളിലും 2022 ആഗസ്ത് മാസം ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ ആകെ 35 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഉരുൾപൊട്ടലിൽ ഉപയോഗ ശൂന്യമായ ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിന് റവന്യൂ കൃഷി, പഞ്ചായത്ത് എന്നിവരുടെ സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>പ്രകൃതിക്ഷോഭത്തിൽ മരണമടഞ്ഞ 3 പേർക്കായി 4 ലക്ഷം രൂപ നിരക്കിൽ ആകെ 12 ലക്ഷം രൂപ ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. ഭവന നാശത്തിനുള്ള ധനസഹായ അപേക്ഷകളിൽ 39 എണ്ണത്തിന് ഇതുവരെയായി 14,29,600/- രൂപ അനുവദിച്ചിട്ടുണ്ട്. 38 അപേക്ഷകൾ നിരസിക്കുകയും 33 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നഷ്ടപരിഹാരത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഇരിട്ടി താലൂക്കിലെ വിവിധ മേഖലകളിൽ 2022 ആഗസ്ത് മാസം സംഭവിച്ച പ്രകൃതിക്ഷോഭത്തിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം ശേഖരിച്ചു വരുന്നു. പ്രകൃതി ദുരന്തങ്ങൾക്ക് കേന്ദ്ര ദുരന്തപ്രതികരണ നിധി /സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾക്കനുസൃതമായ ആശ്വാസ ധനസഹായം നൽകുവാൻ മാത്രമെ വ്യവസ്ഥയുള്ളു. നാശനഷ്ടങ്ങൾക്ക് പ്രത്യേക പാക്കേജ് മുഖാന്തിരം ദുരിതാശ്വാസം നൽകുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിൽ വ്യവസ്ഥയില്ല. |
| (സി) | പ്രകൃതിക്ഷോഭം സംബന്ധിച്ച് വിദഗ്ധ സംഘം നടത്തിയ പഠന റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശകൾ | (സി) | ഇരിട്ടി താലൂക്കിൽ പ്രകൃതിക്ഷോഭം സംഭവിച്ച സ്ഥലങ്ങളിൽ സാങ്കേതിക പഠനം നടത്തുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ |

| | | | |
|---|---|---|---|
| | എന്തെല്ലാമെന്നും ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | | വിദഗ്ധർ 2022 സെപ്റ്റംബർ 23, 24 ദിവസങ്ങളിൽ പ്രസ്തുത പ്രദേശം സന്ദർശിച്ച് പഠനം നടത്തിയിട്ടുള്ളതും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ദുരന്ത നിവാരണ അതോറിറ്റിയുടെ പഠന റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗത്തിൽ ചർച്ച ചെയ്ത് ആയത് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രാദേശികമായി ജനപ്രധിനിധികളുടെയും വകുപ്പ് മേധാവികളുടെയും യോഗം ജില്ലാതലത്തിൽ ചേരുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ദുരന്ത പ്രതിരോധത്തിന്റെ ഭാഗമായി കണിച്ചാർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന 2 ക്വാറികളുടെ പ്രവർത്തനം കാലവർഷം ശക്തമായതിനെത്തുടർന്ന് താത്കാലികമായി നിർത്തിവെക്കുന്നതിനു നിർദ്ദേശം നൽകിയിരുന്നു. പ്രദേശത്തു തുടർന്നുണ്ടായ ഉരുൾപൊട്ടലുകളുടെയും മലവെള്ളപാച്ചിലുകളുടെയും പശ്ചാത്തലത്തിൽ പ്രസ്തുത ക്വാറികൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ